**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **12-10-2021 - ൽ മറുപടിയ്ക്ക്**

**യുവ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ എം എസ് അരുൺ കുമാർ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | യുവ സഹകരണ സംഘങ്ങളിൽ ഏതൊക്കെ നൂതന സംരംഭക ആശയങ്ങളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ; | (എ) | എെടി മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീതം, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണവും വിതരണവും, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിങ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ നൂതന സംരംഭക ആശയങ്ങളാണ് യുവ സഹകരണ സംഘങ്ങളിലൂടെ പരിഗണിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | യുവ സംഘങ്ങളുടെ പ്രവർത്തനം വ്യാപകമാവുന്നതിലൂടെ വിവിധ മേഖലകളിലും സാമൂഹ്യ ജീവിതത്തിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | യുവാക്കളെ/യുവ സംരംഭകരെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, അവരുടെ തൊഴിലും വരുമാനവും ഉറപ്പാക്കുക, കേരളത്തിൽ ആഴത്തിൽ വേരുകളുള്ള സഹകരണ മേഖലയിൽ യുവജനങ്ങളെയും ഉൾപ്പെടുത്തുക, മാന്യമായ തൊഴിൽ, സ്ഥിര വരുമാനം, യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും, സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവുമാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപകമാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ